**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2790** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചന്ദനമരങ്ങളും അപൂർവയിനം സസ്യങ്ങളും കൊണ്ട് നിബിഡമായ ചോല വനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചന്ദനമരങ്ങളും അപൂർവയിനം സസ്യങ്ങളും കൊണ്ട് നിബിഡമായ ചോല വനങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനം ഒരുക്കുന്നത് വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകരമാണ്. നിലവിൽ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനങ്ങളുടെ ഭാഗമായി ഡ്രോണുകൾ, ക്യാമറ ട്രാപ്പുകൾ എന്നിവ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ജൈവ വൈവിധ്യത്തിൽ സമ്പന്നമായ ചോലവനങ്ങളുടെ സംരക്ഷണത്തിന് ഉപഗ്രഹ നിരീക്ഷണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം സഹായകരമാകും. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ചോല-പുൽമേട് വിസ്തൃതി, അധിനിവേശസസ്യ വ്യാപനം, ജലസ്രോതസ്സുകളുടെ നില എന്നിവ കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കും. ഉയർന്ന റെസല്യൂഷൻ ചിത്രങ്ങളും താപക്യാമറകളും ഉപയോഗിച്ച് കയ്യേറ്റം, കാട്ടുതീ, മരംമുറി എന്നിവ വേഗത്തിൽ കണ്ടെത്താൻ സാധിക്കും. ആവർത്തിച്ചുള്ള ഉപഗ്രഹ ഡാറ്റകൾ ഉപയോഗിച്ച് വനാവരണത്തിൽ വരുന്ന മാറ്റങ്ങൾ പഠനവിധേയമാക്കാൻ സാധിക്കുന്നതാണ്. |
| (ബി) | വനമേഖല കേന്ദ്രമാക്കിയുള്ള ലഹരി മാഫിയകളുടെയും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് ആധുനിക ഉപഗ്രഹ നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (ബി) | നിരീക്ഷണ ഉപകരണങ്ങളായ ഡ്രോൺ, ക്യാമറ ട്രാപ്പുകൾ എന്നിവ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. |
| (സി) | വനങ്ങളിലും പ്രത്യേക ആവാസവ്യവസ്ഥാ പ്രദേശങ്ങളിലും നിരീക്ഷണത്തിനുവേണ്ടി | (സി) | വനങ്ങളിലും പ്രത്യേക ആവാസവ്യവസ്ഥാ പ്രദേശങ്ങളിലും നിരീക്ഷണത്തിനുവേണ്ടി |

| | | | |
|---|---|---|---|
| | സ്ഥാപിക്കപ്പെട്ട ആധുനിക നിരീക്ഷണ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ പരിശോധനാവിധേയമാക്കാറുണ്ടോ; വിശദീകരിക്കാമോ; | | സ്ഥാപിക്കപ്പെട്ട ക്യാമറ ട്രാപ്പുകളും, ഉപയോഗിച്ചു വരുന്ന ഡ്രോൺ സംവിധാനങ്ങളുടെയും പ്രവർത്തനക്ഷമത കാലാകാലങ്ങളായി പരിശോധിച്ച് വരുന്നുണ്ട്. |
| (ഡി) | കേരളത്തിലെ വനമേഖലകളും അവയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ഉപഗ്രഹ നിരീക്ഷണത്തിൻ കീഴിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരളത്തിലെ വനമേഖലകളും അവയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ഉപഗ്രഹ നിരീക്ഷണത്തിൻ കീഴിലാണ്. ഉപഗ്രഹ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയിൽ നിന്നും ഫയർ അലെർട്ട് മെസേജുകൾ ലഭിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ